# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 5, വെള്ളി

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**<u>ശബരി റെയിൽപാത യാഥാർത്ഥ്യമാക്കാൻ നടപടി</u>**

*421 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്കുള്ള നിർദിഷ്ട റെയിൽവേ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**<u>പക്ഷിപ്പനി പടരാതിരിക്കാൻ നടപടി</u>**

*422 **ശ്രീ വി ജോയി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താറാവുകളിലും കോഴികളിലും മാത്രം ബാധിച്ചിരുന്ന പക്ഷിപ്പനി മറ്റു പക്ഷികളിലേക്ക് പടരുന്നതായി സ്ഥിരീകരിച്ചിട്ടുണ്ടോ; ഇത് പ്രതിരോധ

പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതിനും രോഗ വ്യാപനത്തിന്റെ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഇടയാക്കുമോ; വിശദാംശം നൽകാമോ;

(ബി) രോഗം മനുഷ്യരിലേക്ക് പകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇത്തരം കേസുകൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ പഠനത്തിനായി വിദഗ്ധ സംഘത്തെ നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>കായിക വിദ്യാഭ്യാസം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കൽ</u>**

*423 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വിദ്യാഭ്യാസം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്പോർട്സ് സ്കൂളുകൾക്കായി പ്രത്യേക പാഠ്യപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ;

(സി) പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>കർഷക ആത്മഹത്യ തടയാൻ നടപടി</u>**

*424 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യ വർദ്ധിച്ചുവരുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കടബാധ്യത മൂലം പാലക്കാട് പുതുശ്ശേരിയിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ കർഷക ആത്മഹത്യ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി.യിൽ പുതിയ ടിക്കറ്റ് മെഷീനുകൾ</u>**

*425 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിലെ ടിക്കറ്റ് മെഷീനുകൾക്ക് പകരം പുതിയ മെഷീനുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) പുതിയ ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിനായി കരാറിലേർപ്പെട്ട കമ്പനിയുമായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കലാലയങ്ങളിൽ ലിംഗസമത്വം പ്രാവർത്തികമാക്കാൻ നടപടി

*426 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാലയങ്ങളിൽ ലിംഗനീതി ബോധനത്തിനും പരാതി പരിഹാരത്തിനുമായി പ്രത്യേകമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കലാലയങ്ങളിൽ ലിംഗസമത്വം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(സി) സമഭാവനയുടെ സത്കലാശാലകൾ എന്ന പ്രചാരണ പ്രവർത്തനങ്ങൾക്ക് കലാലയങ്ങളിൽ തുടക്കം കുറിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

## റോഡപകടങ്ങളിൽ നിന്ന് കാൽനടയാത്രക്കാരെ രക്ഷിക്കാൻ നടപടി

*427 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ സംഭവിക്കുന്ന അപകടമരണങ്ങളിൽ ഇരുപത്തിയഞ്ച് ശതമാനത്തിൽ കൂടുതൽ കാൽനടയാത്രക്കാരാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സീബ്രാലൈൻ മുറിച്ചുകടക്കുന്ന യാത്രക്കാരെ ഉൾപ്പെടെ വാഹനമിടിക്കുന്ന സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) റോഡപകടങ്ങളിൽ കാൽനടയാത്രക്കാർ മരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുമോ; വിശദമാക്കുമോ?

## കെപ്കോ പദ്ധതികൾ

*428 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ ഡി കെ മുരളി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിൽ സംരംഭകർക്ക് ഒരു വരുമാന മാർഗ്ഗം എന്ന നിലയിലും മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും കെപ്കോ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിധവകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കുമായി കെപ്കോ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ വന്ന ശേഷം കെപ്കോ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലൂടെ കോഴി വളർത്തൽ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്; വിശദമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ ഡ്രൈവിംഗ് സ്കൂളുകൾ</u>

*429 **ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടുള്ളതിൽ വലിയൊരു വിഭാഗത്തിനും റോഡ് നിയമങ്ങൾ പാലിച്ചുകൊണ്ട് ഡ്രൈവിംഗ് നടത്തുന്നതിനുള്ള പ്രായോഗിക പരിജ്ഞാനം ഇല്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവിംഗ് പഠിക്കാൻ വരുന്നവർക്ക് റോഡ് നിയമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വാഹനം ഓടിക്കുന്നതിനുള്ള പരിശീലനം ഡ്രൈവിംഗ് സ്കൂളുകൾ നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(സി) ഡ്രൈവിംഗ് പരിശീലനത്തിനും ലൈസൻസ് എടുക്കുന്നതിനും ഏകീകൃത നിരക്ക് കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഡ്രൈവിംഗ് പരിശീലനം മികവുറ്റതാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളിൽ ഡ്രൈവിംഗ് പഠിക്കുന്നതിനും ലൈസൻസ് എടുക്കുന്നതിനുമുള്ള ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>നൂതന പഠന വകുപ്പുകൾ ആരംഭിക്കാൻ നടപടി</u>

*430 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാനുസൃതമായി മാറ്റങ്ങൾ ഉൾക്കൊണ്ട് ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ചയും പഠന ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് നൂതന പഠന വകുപ്പുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത പഠന വകുപ്പുകൾ ആരംഭിച്ചതെന്നും എന്തൊക്കെയാണ് ഇതുവഴി ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ;

(സി) നവീന മേഖലകളിൽ അഞ്ചുവർഷ കാലാവധിയിൽ കോഴ്സുകൾ നടത്തുന്നതിന് സർവകലാശാലകൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; അതിൽ പ്രോജക്ട് മോഡ് കോഴ്സുകൾ ഉൾപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; എന്തൊക്കെയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

**<u>കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് നടപടി</u>**

*431 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രധാന പ്രതിസന്ധി കാർഷികോല്പന്നങ്ങൾക്ക് മതിയായ വിപണി കണ്ടെത്താനാകുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ സഹായം നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കാർഷികോല്പന്നങ്ങൾ പ്രാദേശിക തലത്തിൽ തന്നെ വിറ്റുപോകുന്നതിനുള്ള വിപണി ശൃംഖല സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വിളവെടുപ്പിന് ശേഷമുണ്ടാകുന്ന നഷ്ടങ്ങൾ പരമാവധി കുറച്ചുകൊണ്ടും അവയുടെ ഗുണമേന്മ കാത്തുസൂക്ഷിച്ചുകൊണ്ടും പഴം, പച്ചക്കറി എന്നിവ സംഭരിച്ച് വിപണനത്തിനെത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) വിളവെടുപ്പിന് ശേഷമുള്ള പരിപാലനത്തിനും വിപണനത്തിനുമായി കാർഷികോല്പന്ന സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കോളേജ് വിദ്യാർത്ഥികളുടെ സാമൂഹിക ഉന്നമനം</u>**

*432 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ പരിപാലനത്തിന് ഊന്നൽ നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്കിടയിൽ സാമൂഹിക ബോധം വളർത്തിയെടുക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ലിംഗനീതിയും തുല്യ പദവിയും ഉറപ്പാക്കുന്നതിനും ഭിന്നശേഷി സൗഹൃദമാക്കുന്നതിനും ഉന്നത വിദ്യാഭാസ മേഖലയിൽ എന്തെല്ലാം പരിഷ്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>കെ.എൽ.ഡി.ബി.യുടെ കീഴിലുള്ള സംരംഭകത്വ വികസന പദ്ധതികൾ</u>

*433 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.ബി.യുടെ കീഴിൽ കോഴിവളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽകൃഷി തുടങ്ങിയ മേഖലകളിൽ സംരംഭകത്വ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അംഗമാകുന്നവർക്ക് സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവയ്ക്ക് സഹായം ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംരംഭകർക്ക് സബ്സിഡിയും മറ്റ് സാമ്പത്തിക സഹായങ്ങളും ലഭിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

## <u>മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിൽ നൂതന സാങ്കേതികവിദ്യ</u>

*434 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളുടെ സമഗ്രമായ വളർച്ചയ്ക്ക് ഈ മേഖലകൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തി സാങ്കേതികവിദ്യയുടെ സഹായത്തോടെ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗത്തിലൂടെ പ്രസ്തുത മേഖലയിലെ കർഷകരുടെ ജോലിഭാരം കുറച്ച് ഉല്പാദന ചെലവിൽ ഗണ്യമായ കുറവുണ്ടാക്കുന്നതിനും വരുമാന വർദ്ധനവിനും സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത മേഖലയിലെ കർഷകർക്ക് നൂതന സാങ്കേതികവിദ്യകളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**<u>കാർഷിക വായ്പയെടുത്ത കർഷകരെ സഹായിക്കാൻ നടപടി</u>**

*435 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പയെടുക്കുന്ന കർഷകരിൽ ഭൂരിഭാഗവും കടക്കെണിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വന്യമൃഗങ്ങളുടെ ശല്യം മൂലമുള്ള കൃഷിനാശത്തെ തുടർന്നും മറ്റ് കാരണങ്ങളാലും വായ്പാ തിരിച്ചടവ് മുടങ്ങുന്ന കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) കാർഷിക കടത്തിന്റെ പലിശ എഴുതിത്തള്ളുവാനും കാർഷിക വിഭവങ്ങൾക്ക് താങ്ങുവില വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>റബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻ നടപടി</u>**

*436 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻ ഇറക്കുമതി നിരോധിക്കുകയോ ലോകവ്യാപാര കരാറിലെ വ്യവസ്ഥകളനുസരിച്ച് അധികച്ചുങ്കം ഏർപ്പെടുത്തുകയോ ചെയ്യാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) 2024-25 വർഷത്തേക്കുള്ള കേന്ദ്രബജറ്റിൽ റബർ സംഭരണത്തിന് പ്രത്യേക പദ്ധതി വിഹിതമുണ്ടോ; ഇതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു; വിശദമാക്കുമോ;

(സി) റബർ കർഷകരുടെ രക്ഷയ്ക്കായി റബറൈസ്ഡ് ടാർ ഉപയോഗിച്ച് റോഡ് നിർമ്മിക്കും എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) റബർ വില സ്ഥിരത ഫണ്ട് മുന്നൂറ് രൂപയായി വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉന്നമനം

*437 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസരംഗത്തും സംസ്ഥാനം നിലനിർത്തുന്ന മികവ് ഉന്നതവിദ്യാഭ്യാസ മേഖലയിലും കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ തുടർച്ചയായ നേട്ടങ്ങൾ കൈവരിക്കുന്നതിന് 2016 മുതൽ പിന്തുടരുന്ന വിദ്യാഭ്യാസ നയങ്ങൾ സഹായകമായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) രാജ്യത്ത് ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിലെ സ്ത്രീ-പുരുഷ അനുപാതത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാക് അക്രഡിറ്റേഷൻ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കാർഷികനയം

*438 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാർഷികനയം അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കർഷകർക്ക് വരുമാനം ഉറപ്പാക്കുന്ന ഇൻകം ഗ്യാരന്റി ആക്റ്റ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണത്തിലൂടെ ഉണ്ടാകുന്ന ലാഭത്തിന്റെ ഓഹരി അവകാശം കർഷകന് ഉറപ്പാക്കണമെന്ന നിർദ്ദേശം സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## സേഫ് കേരള പദ്ധതിയുടെ കാര്യക്ഷമത

*439 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നടപ്പിലാക്കിയ സേഫ് കേരള പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പരാജയമാണെങ്കിൽ പിഴവുകൾ കണ്ടെത്തി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

## <u>വിദ്യാർത്ഥികളുടെ വിവര ശേഖരണം</u>

*440 **ശ്രീ. ആന്റണി ജോൺ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും വിവര ശേഖരണം, സർവകലാശാലാ പ്രവർത്തനങ്ങളുടെ ആധുനികവത്ക്കരണം എന്നിവ ലക്ഷ്യമിട്ട് പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതൊക്കെ വിഭാഗങ്ങളിലായി എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നത്; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത ഡാറ്റാബാങ്ക് ഏതെല്ലാം തരത്തിൽ ഉപയോഗപ്പെടുമെന്ന് വിശദമാക്കുമോ?

## <u>തെരുവുനായ്ക്കളുടെ വന്ധ്യംകരണം</u>

*441 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ ശല്യം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വന്ധ്യംകരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള എ.ബി.സി. ചട്ടം തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് സഹായകരമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം</u>

*442 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പ് പകുതി ശമ്പളം മാത്രം വിതരണം ചെയ്താൽ മതി എന്ന തീരുമാനത്തിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് ഒറ്റത്തവണയായുള്ള ശമ്പള വിതരണത്തിന് സർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭ്യമാക്കുമെന്ന് കെ.എസ്.ആർ.ടി.സി.യ്ക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സർക്കാരിൽ നിന്നും സഹായം ലഭിച്ചില്ലെങ്കിൽ ജീവനക്കാർക്ക് പകുതി ശമ്പളം മാത്രം നൽകിയാൽ മതി എന്ന തീരുമാനം പുനഃപരിശോധിക്കുമോ; വ്യക്തമാക്കുമോ?

## സർവകലാശാലകളുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം

*443 **ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സർവകലാശാലകൾക്ക് സ്വന്തം നിലയിൽ ധനസമാഹരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സർവകലാശാലകളുടെ ധനകാര്യ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## മൃഗസംരക്ഷണ, ക്ഷീരമേഖലകൾ കാര്യക്ഷമമാക്കാൻ നടപടി

*444 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എ. രാജ**
**ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ, ക്ഷീരമേഖലകളിലെ അസംഘടിതരായ കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതു വഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മേഖലകളിലെ കർഷകരുടെ ഉല്പന്നങ്ങളുടെ സംഭരണം, മൂല്യവർദ്ധനവ് എന്നിവ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കാമോ;

(സി) ഇതിലൂടെ മൃഗസംരക്ഷണ, ക്ഷീരമേഖലകളിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ?

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം

*445 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർഥികൾക്ക് യു.ജി.സി., സി.എസ്.ഐ.ആർ, നെറ്റ് കോച്ചിംഗ് എന്നിവയ്ക്കായി തുക അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രത്തോളം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## വിത്ത് ബാങ്ക് രൂപീകരണം

*446 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവ്വയിനം നാടൻ വിത്തുകളുടെയും ജൈവ സർട്ടിഫിക്കേഷൻ നേടിയ പച്ചക്കറികളുടെയും സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പരമ്പരാഗത വിത്തുകളും കാർഷികോല്പന്നങ്ങളും സംരക്ഷിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള വിത്ത് ബാങ്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിത്ത് ബാങ്ക് രൂപീകരണം സംബന്ധിച്ച നിലവിലെ പുരോഗതി വിശദമാക്കുമോ?

## ഔട്ട്‌ലെറ്റുകൾ വഴിയുള്ള പച്ചക്കറി വിതരണം

*447 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. രാജ**
**ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും പച്ചക്കറികൾ ശേഖരിച്ച് ഔട്ട്‌ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പച്ചക്കറികൾ കേടുകൂടാതെ ശീതീകരണ സൗകര്യങ്ങളോട് കൂടി ശേഖരിക്കുന്നതിന് സംവിധാനങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്കരിച്ച മൂല്യവർദ്ധിത തേൻ ഉല്പന്നങ്ങൾ പ്രസ്തുത ഔട്ട്‌ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കാമോ?

**കർഷക വായ്പയ്ക്ക് മൊറട്ടോറിയം**

*448 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങളാൽ കൃഷി നാശം സംഭവിച്ച് കടുത്ത പ്രതിസന്ധി നേരിടുന്ന കർഷകരുടെ വായ്പകൾക്ക് മൊറട്ടോറിയം അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കടബാധ്യത മൂലം കർഷക ആത്മഹത്യകൾ തുടർക്കഥയാകുന്ന സ്ഥിതിയുള്ളതായി പറയപ്പെടുമ്പോഴും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(സി) അർഹരായ കർഷകരുടെ വായ്പ എഴുതിത്തള്ളുന്നത് അടക്കമുള്ള പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഭിന്നശേഷി മേഖലയിൽ ഏർളി ഇന്റെർവെൻഷൻ സെന്ററുകളുടെ പ്രവർത്തനം**

*449 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനസമയത്ത് തന്നെ ഭിന്നശേഷി കണ്ടെത്തി അനുയോജ്യമായ ചികിത്സകൾ നടത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജില്ലാ സെന്ററുകളിൽ എത്താൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് സേവനം ലഭ്യമാക്കുന്നതിന് മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഏർളി ഇന്റെർവെൻഷൻ സെന്ററുകളുടെ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് ഭിന്നശേഷി മേഖലയിൽ എന്ത് മാറ്റമാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

**കായിക നയം**

*450 **ശ്രീമതി സി. കെ. ആശ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രമായ കായിക വികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച കായിക നയം കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും എത്രത്തോളം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ കായിക സാക്ഷരത വർദ്ധിപ്പിക്കുന്നതിനും നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുന്നതിനും പ്രസ്തുത കായിക നയത്തിൽ നിർദ്ദേശങ്ങളുണ്ടോ; വിശദമാക്കുമോ;

(സി) മികച്ച കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് പ്രാദേശികതലത്തിലെ കായിക പ്രവർത്തനങ്ങൾ സജീവമാക്കുവാൻ പ്രസ്തുത നയത്തിൽ നിർദ്ദേശമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നയത്തിന്റെ ഭാഗമായി കായിക രംഗത്ത് പുതിയ സാങ്കേതികവിദ്യകളും നൂതനാശയങ്ങളും കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 26, ബുധൻ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].